പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 73** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അൻപ് വീട് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് വിഭാവനം ചെയ്യുന്ന അൻപ് വീട് പദ്ധതിയെപ്പറ്റി വിശദമാക്കുമോ;

**<u>മറുപടി:</u>** ബൗദ്ധിക ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളവരെ പരിചരിക്കുന്ന മാതാപിതാക്കളോ രക്ഷിതാക്കളോ ചികിത്സ, ആശുപത്രിവാസം, യാത്ര, മറ്റ് വ്യക്തിപരമായ അടിയന്തര ആവശ്യങ്ങൾ എന്നിവ നേരിടുമ്പോൾ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് സുരക്ഷിതമായ താൽക്കാലിക സംരക്ഷണവും പരിചരണവും ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് "അൻപ് വീട്". ഭിന്നശേഷി മേഖലയിൽ പ്രവർത്തനപരിചയമുള്ള സർക്കാർ അംഗീകൃത NGO-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ, കെയർ ഹോമുകൾ, സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, ഭിന്നശേഷി കുടുംബങ്ങൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ 10,000 Respite Care Days സേവനം നൽകാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ നിന്നായി 12 സന്നദ്ധ സംഘടനകളെയും 3 ഭിന്നശേഷിയുള്ള വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിലും ഒരേസമയം കുറഞ്ഞത് 5 പേർക്ക് റെസ്പൈറ്റ് ഹോമിൽ താമസ സൗകര്യമുണ്ടായിരിക്കുന്നതും, ഒരാൾക്ക് തുടർച്ചയായി പരമാവധി 7 ദിവസം വരെ താമസിക്കാൻ അനുവാദം നൽകുന്നതുമാണ്. സംരക്ഷണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് പ്രതിദിനം 1500/- രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതുമാണ്.

**(ബി)** ദീർഘകാല പരിചരണം ആവശ്യമായ ഭിന്നശേഷിക്കാരുള്ള കുടുംബങ്ങൾ നേരിടുന്ന വലിയ പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ദീർഘകാല പരിചരണം ആവശ്യമായ ഭിന്നശേഷിയുള്ള വ്യക്തികളുടെ കുടുംബങ്ങൾ നേരിടുന്ന മാനസിക, ശാരീരിക, സാമൂഹിക, സാമ്പത്തിക സമ്മർദ്ദങ്ങൾ പരിഗണിച്ചാണ് അൻപ് വീട് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കുടുംബത്തിലെ പ്രധാന പരിചാരകന് താൽക്കാലികമായി പരിചരണ ചുമതല നിർവഹിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക്

സുരക്ഷിതവും മാന്യവുമായ താമസവും പരിചരണവും ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

"അൻപ് വീട്" പദ്ധതിയിൽ പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു:

- ഭിന്നശേഷിയുള്ള വ്യക്തികൾക്ക് സുരക്ഷിതവും മാന്യവുമായ താത്കാലിക താമസ സൗകര്യം ഒരുക്കുക.
- വ്യക്തിഗത പരിചരണവും ദൈനംദിന ജീവിത സഹായവും ഉറപ്പാക്കുക.
- പോഷകാഹാരവും ആരോഗ്യപരിപാലനവും നൽകുക.
- ആവശ്യമായ മെഡിക്കൽ സഹായവും അടിയന്തിര ചികിത്സ സൗകര്യവും ലഭ്യമാക്കുക.
- കൗൺസിലിംഗ്, പുനരധിവാസം, സാമൂഹിക ഇടപെടൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
- മാതാപിതാക്കൾക്കും പരിചാരകർക്കും താത്കാലിക വിശ്രമവും മാനസിക പിന്തുണയും (Respite Care) ലഭ്യമാക്കുക

**(സി)** ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, വ്യക്തികേന്ദ്രീകൃത പരിചരണം, സുരക്ഷ, അന്തസ്സ്, കുടുംബപിന്തുണ എന്നീ അടിസ്ഥാന തത്വങ്ങൾ മുൻനിർത്തിയാണോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** അതെ. ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശങ്ങൾ, വ്യക്തികേന്ദ്രീകൃത പരിചരണം, ആരോഗ്യം, സുരക്ഷ, അന്തസ്സ്, കുടുംബപിന്തുണ എന്നിവ അടിസ്ഥാന തത്വങ്ങളാക്കിയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ-സാമൂഹ്യനീതി മേഖലകളിലെ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സന്നദ്ധസംഘടനകൾ തുടങ്ങിയവയുമായി ആവശ്യമായ ഏകോപനം ഉറപ്പാക്കി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- ദീർഘകാല പരിചരണം ആവശ്യമായ ഭിന്നശേഷിയുള്ള വ്യക്തികൾക്കായി സുരക്ഷിതവും സർക്കാർ അംഗീകൃതവുമായ താൽക്കാലിക സംരക്ഷണ-പരിചരണ സംവിധാനം ഒരുക്കുക
- മാതാപിതാക്കൾക്കും നിയമപരമായ രക്ഷിതാക്കൾക്കും അടിയന്തര സാഹചര്യങ്ങളിലും മറ്റ് അനിവാര്യ സാഹചര്യങ്ങളിലും ആശ്രയിക്കാവുന്ന സുരക്ഷിതമായ താൽക്കാലിക പരിചരണ സംവിധാനം ലഭ്യമാക്കുക
- ഭിന്നശേഷിയുള്ള വ്യക്തികളുടെ പ്രായം, ആരോഗ്യസ്ഥിതി, ഭിന്നശേഷിയുടെ സ്വഭാവം, വ്യക്തിഗത ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് അനുയോജ്യമായ പരിചരണവും പിന്തുണയും ഉറപ്പാക്കുക
- ആവശ്യമായ ആരോഗ്യപരിചരണം, വ്യക്തിശുചിത്വം, പോഷകാഹാരം, താമസം, മരുന്ന്, ദൈനംദിന ജീവിത പ്രവർത്തനങ്ങളിൽ ആവശ്യമായ സഹായം എന്നിവ ലഭ്യമാക്കുക
- പരിചാരകരുടെ മാനസികവും ശാരീരികവുമായ സമ്മർദ്ദം കുറയ്ക്കുന്നതിനും കുടുംബങ്ങൾക്ക് ആവശ്യമായ താൽക്കാലിക പിന്തുണ നൽകുന്നതിനും സഹായിക്കുക.
- ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശങ്ങൾ, അന്തസ്സ്, സ്വകാര്യത, സുരക്ഷ എന്നിവ സംരക്ഷിക്കുന്ന തരത്തിൽ പരിചരണ സംവിധാനം ഉറപ്പാക്കുക
- ഭിന്നശേഷിക്കാരുടെ സാമൂഹിക ഉൾച്ചേരൽ, സ്വയംപര്യാപ്തത, ആത്മാഭിമാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വ്യക്തികേന്ദ്രീകൃത പരിചരണത്തിന് പ്രാധാന്യം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

- കുടുംബത്തിന്റെ ആവശ്യങ്ങളും സാഹചര്യങ്ങളും പരിഗണിച്ച് താൽക്കാലിക പരിചരണം, അടിയന്തര പരിചരണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുക
- ഭിന്നശേഷിയുള്ള വ്യക്തികളുടെ തുടർച്ചയായ പരിചരണവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി കുടുംബങ്ങൾ, പരിചാരകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ-സാമൂഹ്യനീതി സ്ഥാപനങ്ങൾ, അംഗീകൃത സന്നദ്ധസംഘടനകൾ എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക.

**സെക്ഷൻ ഓഫീസർ**